**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3236** — **19.06.2019 ൽ മറുപടിയ്ക്ക്**

**എടവക ഗ്രാമപഞ്ചായത്തിലെ പഴം പച്ചക്കറി സംസ്കരണ കേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഒ. ആർ. കേളു** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | മാനന്തവാടി മണ്ഡലത്തിലെ എടവക ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പഴം പച്ചക്കറി സംസ്കരണകേന്ദ്രത്തിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | എ) | മാനന്തവാടി മണ്ഡലത്തിലെ എടവക ഗ്രാമപഞ്ചായത്തിലെ പഴം-പച്ചക്കറി പായ്ക്ക്ഹൗസ് അപേഡയുടെ സഹായത്തോടെ 06.09.2017 ൽ നിർമ്മാണം പൂർത്തിയാക്കി, 25.10.2017 ൽ ട്രയൽ റൺ നടത്തുകയുണ്ടായി. അതിനുശേഷം 56.9 മെട്രിക് ടൺ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ പായ്ക്ക് ഹൗസിൽ നിന്നും കയറ്റുമതിയ്ക്കായി സംസ്കരണം നടത്തിയിട്ടുണ്ട്. നിലവിൽ 3 മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ചക്ക സംസ്കരണത്തിനായും പായ്ക്ക് ഹൗസ് സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. |
| ബി) | ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; | ബി) & സി) | കയറ്റുമതി ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനുള്ള കണ്ടെയിനറുകൾ ഘടിപ്പിച്ച് വാഹനങ്ങൾ ചുരം കയറി എത്തുവാൻ ബുദ്ധിമുട്ടാണ്. അതിനാൽ കയറ്റുമതി ഏജൻസികൾ പായ്ക്ക് ഹൗസിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ഒരു കാർഷികോൽപ്പന്ന കയറ്റുമതി നയം രൂപം കൊടുത്ത് നടപ്പിലാക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഴം-പച്ചക്കറി മേഖലയിൽ കയറ്റുമതി അധിഷ്ഠിത കർഷക ക്ലസ്റ്ററുകൾ സംഘടിപ്പിക്കാനുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനത്തോടെ കയറ്റുമതിയ്ക്കാവശ്യമായ ഉൽപ്പന്നങ്ങൾ ജില്ലയിൽ നിന്നും ലഭ്യമാകുന്നതു വഴി കയറ്റുമതി ഏജൻസികളെ ആകർഷിക്കാനും പായ്ക്ക് ഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും സാധിക്കും. കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ച് നേന്ത്രക്കായയുടേയും മറ്റ് പച്ചക്കറികളുടേയും കടൽ വഴിയുള്ള കയറ്റുമതിക്ക് ആവശ്യമായ പ്രോട്ടോകോളുകളും തയ്യാറാക്കി വരുന്നു. കയറ്റുമതി കൃഷിയ്ക്ക് താൽപര്യമുള്ള |
| സി) | ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

കൃഷിക്കാരുടേയും കയറ്റുമതിക്കാരുടേയും യോഗങ്ങൾ കൂടുവാനും പരിശീലന പരിപാടികൾ രൂപീകരിക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കയറ്റു മതി നടത്തുന്നതിനായി പായ്ക്ക് ഹൗസ് അപേഡ യിൽ രജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണ്. അപേഡയുടെ അംഗീകാരം വാങ്ങി പൂർണ്ണശേഷിയിൽ പായ്ക്ക് ഹൗസ് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**